**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 535** **09-11-2021 - ൽ മറുപടിയ്ക്ക്**

**സ്ത്രീസൗഹൃദ മത്സ്യ മാർക്കറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. വാഴൂർ സോമൻ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മത്സ്യ മാർക്കറ്റുകൾ സ്ത്രീസൗഹൃദമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ; | (എ) | മത്സ്യമാർക്കറ്റുകൾ സ്ത്രീ സൗഹൃദമാക്കുന്നതിനും കൂടുതൽ മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് വിപണന മേഖലയിൽ തൊഴിൽ സൃഷ്ടിക്കുന്നതിനുമായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കിഫ്ബി ധനസഹായത്തോടെ സംസ്ഥാനമൊട്ടാകെ 51 ആധുനിക മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുന്നതിനായി 120.57 കോടി രൂപയ്ക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത മാർക്കറ്റുകൾ മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ആവശ്യങ്ങളും സൗകര്യങ്ങളും പരിഗണിച്ചാണ് നിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നത്. ഓരോ മത്സ്യ മാർക്കറ്റുകളിലും പ്രാഥമിക സൗകര്യം ഒരുക്കുന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തിയാണ് ഡിസൈൻ ചെയ്തിരിക്കുന്നത്. കച്ചവടക്കാർക്ക് പ്രത്യേകിച്ച് മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് വിശ്രമിക്കുന്നതിനായി വിശ്രമമുറി, ലോക്കർ സംവിധാനം എന്നിവ മാർക്കറ്റുകളിൽ നിലവിലുള്ള സ്ഥലസൗകര്യം അനുസരിച്ച് ഉൾപ്പെടുത്തിയിട്ടുണ്ട്. പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേകം ടോയ്‌ലറ്റ് സൗകര്യം മാർക്കറ്റുകളിൽ ഉറപ്പുവരുത്തുന്നതാണ്. കൂടാതെ മത്സ്യകച്ചവടം ചെയ്യുന്ന സ്ത്രീകൾക്ക് മത്സ്യഫെഡ് മുഖാന്തിരം പലിശരഹിത വായ്പയും നൽകി വരുന്നു. |
| (ബി) | കിഫ്ബിയുടെ സഹായത്തോടെ മത്സ്യമാർക്കറ്റുകൾ നവീകരിക്കുന്നതിന് പദ്ധതിയുണ്ടോ; പ്രസ്തുത പദ്ധതിയിൽ മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ആവശ്യങ്ങളും സൗകര്യങ്ങളും പരിഗണിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുമോ; വിശദമാക്കുമോ; | (ബി) | മത്സ്യമാർക്കറ്റുകൾ സ്ത്രീ സൗഹൃദമാക്കുന്നതിനും കൂടുതൽ മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് വിപണന മേഖലയിൽ തൊഴിൽ സൃഷ്ടിക്കുന്നതിനുമായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കിഫ്ബി ധനസഹായത്തോടെ സംസ്ഥാനമൊട്ടാകെ 51 ആധുനിക മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുന്നതിനായി 120.57 കോടി രൂപയ്ക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പ്രസ്തുത മാർക്കറ്റുകൾ മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ആവശ്യങ്ങളും സൗകര്യങ്ങളും പരിഗണിച്ചാണ് നിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നത്. ഓരോ മത്സ്യ മാർക്കറ്റുകളിലും പ്രാഥമിക സൗകര്യം ഒരുക്കുന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തിയാണ് ഡിസൈൻ ചെയ്തിരിക്കുന്നത്. കച്ചവടക്കാർക്ക് പ്രത്യേകിച്ച് മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് വിശ്രമിക്കുന്നതിനായി വിശ്രമമുറി, ലോക്കർ സംവിധാനം എന്നിവ മാർക്കറ്റുകളിൽ നിലവിലുള്ള സ്ഥലസൗകര്യം അനുസരിച്ച് ഉൾപ്പെടുത്തിയിട്ടുണ്ട്. പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേകം ടോയ്‌ലറ്റ് സൗകര്യം മാർക്കറ്റുകളിൽ ഉറപ്പുവരുത്തുന്നതാണ്. കൂടാതെ മത്സ്യകച്ചവടം ചെയ്യുന്ന സ്ത്രീകൾക്ക് മത്സ്യഫെഡ് മുഖാന്തിരം പലിശരഹിത വായ്പയും നൽകി വരുന്നു. |
| (സി) | എല്ലാ ഫിഷിംഗ് ഹാർബറിലും മത്സ്യം വാങ്ങാനെത്തുന്ന സ്ത്രീ തൊഴിലാളികൾക്ക് പരിഗണന ലഭിക്കുന്നതിനുവേണ്ടി ഒരുക്കിയിട്ടുള്ള സൗകര്യങ്ങൾ വിശദമാക്കുമോ; | (സി) | സംസ്ഥാനത്ത് കമ്മീഷൻ ചെയ്ത മത്സ്യബന്ധന തുറമുഖങ്ങളിൽ ശുചിമുറികളും ശുദ്ധജല വിതരണ സംവിധാനവും വിശ്രമ മുറികളും ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | മത്സ്യബന്ധന തുറമുഖങ്ങളിൽ നിന്നും മത്സ്യ മാർക്കറ്റുകളിലേക്ക് മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് എത്തിച്ചേരുന്നതിന് യാത്രാസൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; എല്ലാ തുറമുഖങ്ങളിലും ആയത് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | മത്സ്യ വിപണനത്തിനായി പോകുന്ന വനിതാ മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിതമായി യാത്ര ചെയ്യുന്നതിന് കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനും ഫിഷറീസ് വകുപ്പും ചേർന്ന് 'സമുദ്ര' എന്ന പേരിൽ മൂന്ന് സൗജന്യ ബസ് സർവ്വീസുകൾ തിരുവനന്തപുരം ജില്ലയിൽ 2021 ആഗസ്റ്റ് മാസം മുതൽ ആരംഭിച്ചിട്ടുണ്ട്. സമുദ്ര സർവ്വീസുകൾ വിലയിരുത്തി മറ്റ് കേന്ദ്രങ്ങളിലേക്ക് വ്യാപിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ